"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീ.വിശാഖ് .എൻ .യു-ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.939/2024/AGRI തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.760/2023/കൃഷി തീയതി 02/08/2023
2. സ.ഉ.(സാധാ) നം.437/2024/കൃഷി തീയതി 16/05/2024
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/08/2024 ലെ ADFW/7991/2023-SD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കടങ്ങോട് കൃഷി ഭവനിൽ കൃഷി ഓഫീസറായി 07/06/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.വിശാഖ് .എൻ .യു - ന് കേരള കാഷിക സർവ്വകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി 12/06/2023 മുതൽ 30/12/2023 വരെ പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവിശ്യത്തിനായി 31/12/2023 മുതൽ 30/06/2024 വരെ 183 ദിവസത്തേക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടി അവധിയുടെ തുടർച്ചയായി 01/07/2024 മുതൽ 30/10/2024 വരെ 122 ദിവസത്തേയ്ക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടങ്ങോട് കൃഷി ഓഫീസർ ശ്രീ.വിശാഖ് .എൻ .യു - ന് പഠനാവശ്യത്തിനായി പരാമർശം (1), (2) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്കു തുടർച്ചയായി 01.07.2024 മുതൽ 30.10.2024 വരെ (Suffix: 31.10.2024), കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൻ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവ്വീസിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ.വിശാഖ് .എൻ .യു (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/167/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ